"ഭരണഭാഷ – മാതൃഭാഷ"

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധികച്ചുമതലയുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടിക്രമം**

**(ഹാജർ - ശ്രീ. .കുഞ്ഞിമമ്മു പറവത്ത്, എം.ടെക്ക്, എംബിഎ)**

ഉത്തരവ് നമ്പർ : HECE/6/2021-B1 തീയതി-15-06-2024

വിഷയം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം – ക്ലർക്ക്/സീനിയർ ക്ലർക്ക് തസ്തികയിലെ സ്ഥലമാറ്റം/സ്ഥാനക്കയറ്റം എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1. ഈ കാര്യാലയത്തിലെ .14/06/2024.-ലെ എച്ച്.ഇ.സി.ഇ/359/2023/ബി1 നമ്പർ ഉത്തരവ്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ.ഡി.ആദർശ്, ശ്രീ.പി.വി.രതീഷ് കുമാർ, എന്നിവർക്ക് പരാമർശിത ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതുവഴി സീനിയർ ക്ലാർക്ക് തസ്തികയിൽ രണ്ട് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായ ആളെ സ്ഥാനക്കയറ്റം നൽകി നിയമിച്ചാണ് ടി സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ നികത്തേണ്ടത്. ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം നിലവിൽ ഏറ്റവും സീനിയറായ ശ്രീ.വി.ജി.വിജിത്രൻ സസ്പെൻഷനിൽ തുടരുകയും; അടുത്ത സീനിയർമാരായ ശ്രീമതി.ജെ.രാജി, ശ്രീ.ഡി.പി.പ്രഭൻ എന്നിവർ സ്ഥാനക്കയറ്റത്തിനാവശ്യമായ നിർബന്ധിത വകുപ്പുതല പരീക്ഷാ വിജയം കൈവരിച്ചിട്ടില്ലതതിനാലും ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം അടുത്ത് സീനിയറായിട്ടുള്ള ശ്രീമതി.അനു.കെ.കുര്യൻ, ശ്രീമതി ദിവ്യ കുമാരി.ഡി. എന്നിവർക്കാണ് സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെപറയുന്ന പ്രകാരം സ്ഥാനക്കയറ്റ/ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ശ്രീ.ഡി.ആദർശിന് ഹെഡ് ക്ലർക്കായി സ്ഥാനക്കയറ്റം ലഭിച്ചതു വഴി നിലവിൽ വന്ന ഒഴിവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പരപ്പനങ്ങാടി സബ് ഡിവിഷൻ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി.അനു.കെ.കുര്യൻ-ന് (പെൻ.796900) 35600-75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം നൽകി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷനിൽ ശ്രീ.ജി.സുരേഷ് വർമ്മ പ്രായപൂർത്തി പെൻഷനിൽ വിരമിച്ച ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

2.ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് കാസറഗോഡ് ഡിവിഷൻ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.പി.വി.രതീഷ് കുമാറിന് ഹെഡ് ക്ലർക്കായി സ്ഥാനക്കയറ്റം ലഭിച്ചതു വഴി നിലവിൽ വന്ന ഒഴിവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി.ദിവ്യകുമാരി.ഡി.ക്ക് (പെൻ.802286) 35600-75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ തുടരാൻ അനുവദിക്കുന്നു.

3.ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.എൻ.ബി.സുനിത-യെയും (പെൻ.605562) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തോട്ടപ്പള്ളി സബ് ഡിവിഷൻ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി.ജി.ശ്രീജ-യെയും (പെൻ.791318) പൊതു താൽപര്യാർത്ഥം പരസ്പരം സ്ഥലം മാറ്റി നിയമിക്കുന്നു.

1/2024

Signed by Kunhimammu
Paravath
Date: 15-06-2024 14:43:33
Reason: Approved [illegible]ടെ
പൂർണ്ണ അധിക ചുമതലയുള്ള
സൂപ്രണ്ടിംഗ് എഞ്ചിനീയർ

സ്വീകർത്താവ്:

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് (ഓഫീസ് മേധാവി മുഖേന)

പകർപ്പ്:

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണമേഖല / മദ്ധ്യമേഖല / ഉത്തരമേഖല
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം / ആലപ്പുഴ / മലപ്പുറം / കോഴിക്കോട്
3. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തോട്ടപ്പള്ളി / പരപ്പനങ്ങാടി / ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ)
4. വെബ് സൈറ്റിലേക്ക് / സ്റ്റോക്ക് ഫയലിലേക്ക്